ഇതിന്റെ നേട്ടങ്ങളും കോട്ടങ്ങളും ചർച്ച ചെയ്തു പാസ്സാക്കണമെന്നാണു് ആഗ്രഹം. ഈ രാജ്യത്തു് നിയമം ഉണ്ടാക്കുമ്പോൾ അതിൽ പങ്കെടുക്കാതെ, പ്രതിപക്ഷം സഭയുടെ മുന്നിൽനിന്നു് കാട്ടിക്കൂട്ടിയ പോക്കിരിത്തരങ്ങൾ കണ്ടാൽ അടുത്ത തിരഞ്ഞെടുപ്പിൽ അവർക്കു് നോമിനേഷൻ കൊടുക്കാനുള്ള ഗതികേടുപോലും ഉണ്ടാകുകയില്ലെന്നാണു് എന്റെ വിശ്വാസം. ഞങ്ങൾ വെല്ലുവിളിക്കുകയാണു്. ഈ പ്രതിപക്ഷം ഒരു ദിവസം അടിയന്തിരപ്രമേയം കൊണ്ടുവന്നു, രാജി, രാജി. ഇവിടെ ബാലകൃഷ്ണപിള്ളയും കരുണാകരനും രാജിവയ്ക്കണമെന്നാണു് പറയുന്നതു്. മദിരാശിയിൽ എന്താ അവർ പറയാത്തതു്? അവിടെ ബഹുമാനപ്പെട്ട സ്പീക്കർ 7 മെമ്പർമാർക്കു് അയോഗ്യത കൽപ്പിച്ചു. അതിന്റെ പേരിൽ സി. പി. ഐ. ക്കാരും സി. പി. എം. കാരും ഞങ്ങളുടെ കൂടെ, "മുസ്ലീം ലീഗുകാരോടു് ഇറങ്ങിപ്പോയിരിക്കുകയാണു്. അവിടെയും ഇവിടെയും അക്കാര്യത്തിൽ ഞങ്ങൾക്കു് ഒരേ സ്റ്റാന്റാണു് തന്നെയാണു് ഉള്ളതു്" . . . ഇപ്പോൾ 2 ദിവസം കൊണ്ടു് ഇവിടെ പ്രതിപക്ഷ ബഞ്ചുകൾ ഒഴിഞ്ഞുകിടക്കുകയാണു്. അതിൽ ഈ സർക്കാരിനു് എന്തു് നഷ്ടം ഉണ്ടു്! അവർ ഒരു കാര്യം ചെയ്യണം. ഇന്നലെയും ഇന്നും വാങ്ങിയ ടി. എ., തിരിച്ചു് വീട്ടിലേയ്ക്കു് പോകാനുള്ള ടി. എ. ഇതെല്ലാം ഇവിടെ തിരിച്ചു കൊടുക്കണം. പാവപ്പെട്ട ജനങ്ങളുടെ പിച്ചച്ചട്ടിയിൽനിന്നു് നികുതിപ്പണമായിട്ടു് എടുത്തതാണു് അതു്. ഇവിടെ മുദ്രാവാക്യം വിളിക്കാനല്ല അവരെ പറഞ്ഞയച്ചതു്. ഇവിടെ ബില്ലിന്റെ പോരായ്മകളാണു് വിമർശിക്കേണ്ടതു്. അതൊന്നും പറയാനില്ല, അതാണു് ഇറങ്ങിപ്പോയതു്. നാലര കൊല്ലക്കാലം കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റു് ഞങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞ എല്ലാ കാര്യങ്ങളും നടപ്പാക്കിയിട്ടുണ്ടു്. ഇനി അതിനെ എതിർക്കാൻ നിർവ്വാഹമില്ലാത്തതിന്റെ പേരിൽ, ചില സ്ത്രീകളും ഭർത്താക്കൻമാരോടു് പിണങ്ങിപോകുന്നതു പോലെ ഇറങ്ങിപ്പോയിരിക്കുകയാണു്, യാതൊരു ഉത്തരവാദിത്വവുമില്ലാതെ. 2 ദിവസമായി യാതൊരു ചർച്ചയുമില്ലാതെ നിയമങ്ങൾ പാസ്സായിപ്പോകുന്നു. ഞാൻ നിർത്തുകയാണു്. എന്തായാലും ദുർബല വിഭാഗങ്ങൾക്കുവേണ്ടി കൊണ്ടുവന്ന ഈ ബില്ലിന്റെ ചർച്ചയിൽ പോലും പ്രതിപക്ഷം പങ്കെടുക്കാത്തതിൽ ഞങ്ങൾക്കു് ദുഃഖമുണ്ടു്. ഈ ബില്ലിനോടു് പരിപൂർണ്ണമായി ഞാൻ യോജിക്കുകയാണു്.

IX. സന്ദർശക ഗ്യാലറിയിൽ മുദ്രാവാക്യം മുഴക്കിയ പ്രശ്നത്തിൻമേലുള്ള തീരുമാനം

മി. സ്പീക്കർ: ഇന്നു് ഉച്ചയ്ക്കു് 4.10-നു് പബ്ലിക് ഗ്യാലറിയിൽ സന്നിഹിതനായിരുന്ന ശ്രീ. ജയിംസ് സോമൻ എന്ന ആൾ മുദ്രാവാക്യം മുഴക്കി സഭാനടപടികൾക്കു് തടസ്സം സൃഷ്ടിച്ചതു് സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. ബഹുമാനപ്പെട്ട കക്ഷിനേതാക്കൻമാർ സംബന്ധിച്ചിരുന്ന യോഗത്തിൽ ടിയാനെ ഹാജരാക്കുകയുണ്ടായി. സഭാനടപടികൾ അലങ്കോലപ്പെടുത്താൻ ശ്രമിച്ചതു് ഗുരുതരമായ അവകാശലംഘനമാണെന്നും ടിയാനു് ഇന്നു് സഭ പിരിയുന്നതുവരെ തടവുശിക്ഷ നൽകണമെന്നും തീരുമാനിച്ചു. ദയവായി ഈ വ്യക്തിയുടെ പേരും മറ്റു വിശദാംശങ്ങളും പത്രങ്ങളിൽ പ്രസിദ്ധീകരിക്കരുതെന്നു് അഭ്യർത്ഥിക്കുകയാണു്. നിയമസഭാ ഗ്യാലറിയിൽ വന്നു് ബഹളമുണ്ടാക്കുകയെന്നതു് ഒരു സ്ഥിരം സമരമാർഗ്ഗമായി ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ചെയ്യുന്ന ആളുകൾക്ക് പത്രദ്വാരാ പ്രചരണം കിട്ടിയാൽ അതൊരു പ്രോൽസാഹനമായിരിക്കും. അതുകൊണ്ട് അവർക്ക് നൽകാവുന്ന ഏറ്റവും വലിയ ശിക്ഷ അതിന് പ്രചരണം കൊടുക്കാതിരിക്കുകയെന്നുള്ളതാണ്. അതുകൊണ്ട് ദയവായി പത്രങ്ങളിൽ പേരും മറ്റു വിശദാംശങ്ങളും പ്രസിദ്ധീകരിക്കരുതെന്ന് ആവർത്തിച്ച് അഭ്യർത്ഥിക്കുകയാണ്.

Chief Minister (**Shri K. Karunakaran**): Sir, this house resolves that a person calling himself James Soman who shouted slogans from the Visitor's Gallery at 4.10 p. m. today, November 26, 1986 and was taken into custody immediately thereafter, has committed a grave offence and is guilty of gross contempt of this house.

This house further resolves that he be sentenced to simple imprisonment till the house rises for the day.

മി. സ്പീക്കർ: സഭ പ്രമേയം അംഗീകരിച്ചിരിക്കുന്നു.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, ഈ ബില്ല് മത്സ്യബന്ധന മേഖലയുടെ, വിശേഷിച്ചും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പുരോഗതിയ്ക്കു വേണ്ടിയുള്ളതാണ്. അവരുടെ പുരോഗതിയ്ക്കുവേണ്ടി വളരെ ഫലപ്രദമായ പ്രവർത്തനങ്ങളാണ് ഈ ഗവൺമെൻറ് നടത്തിവരുന്നത്. അതിന് വേണ്ടിയാണ് "കേരള മത്സ്യബന്ധന വികസന സഹകരണ ഫെഡറേഷൻ" രൂപീകരിക്കപ്പെട്ടത്. 1980-ലെ മത്സ്യത്തൊഴിലാളി ക്ഷേമസംഘം ആക്ട് അനുസരിച്ച് രൂപംകൊണ്ട ക്ഷേമസംഘങ്ങൾ ഈ ഫെഡറേഷന്റെ കീഴ് ഘടകമായി പ്രവർത്തിക്കുകയാണ്. അതനുസരിച്ച് ഭരണപരമായി ഏറ്റവും അത്യാവശ്യമായ ഒരു കാര്യമാണ് ഫിഷറീസ് ഓഫീസർ ഫെഡറേഷന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥനായിരിക്കണമെന്നുള്ളത്. അതുകൊണ്ട് ഈ ബില്ല് സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച പ്രകാരം സഭ പരിഗണനയ്ക്കെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2 മുതൽ 5 വരെയുള്ള വകുപ്പുകൾ

2 മുതൽ 5 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2 മുതൽ 5 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമല): സർ, ഞാനതിനെ പിന്താങ്ങുന്നു.

ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 നവംബർ 27-ാം തീയതി രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി 26-ാം തീയതി വൈകുന്നേരം 4.45-ന് സഭ പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly